# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:1024

## കാലപ്പഴക്കം ചെന്ന പൈപ്പുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ നിലവിലുള്ള കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ പൊട്ടുന്നത് മൂലം പലയിടത്തും തുടർച്ചയായി കുടിവെള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . കാലപ്പഴക്കം ചെന്ന AC പൈപ്പുകളും GI പൈപ്പുകളും തുടർച്ചയായി പൊട്ടുന്നതുമൂലം കീരംപാറ, പിണ്ടിമന എന്നീ പഞ്ചായത്തുകളിലേയും കോതമംഗലം മുനിസിപ്പാലിറ്റിയിലെയും കുടിവെള്ള വിതരണം തടസ്സപ്പെടാറുണ്ട് . |
| (ബി) | പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് 2016 -17 ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കോതമംഗലം ജവഹർ തീയേറ്റർ മുതൽ കോളേജ് ജംഗ്ഷൻ വരെ 2000 മീറ്റർ നിളത്തിൽ 125 മി.മി AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 20.00 ലക്ഷം രൂപയുടെയും, നെല്ലിക്കുഴി പഞ്ചായത്തിൽ 2380 മീറ്റർ നീളത്തിൽ 250 എം.എം AC പമ്പിംഗ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 175.00 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ 2018-19-ൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി അമ്പലപ്പറമ്പ് മുതൽ ഇലവും പറമ്പ് വരെ 300 മി.മി AC പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 284.20 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമായിട്ടുണ്ട് .<br>കൂടാതെ താഴെ പറയുന്ന സ്ഥലങ്ങളിൽ 300 mm AC പൈപ്പ് മാറ്റി 300 mm DI പൈപ്പ് ഇടുന്ന പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെ |
| (സി) | കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?? | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ടുത്തി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.<br>1. മലയിൻകീഴ് മുതൽ രാമല്ലൂർ വരെ -(850 m)- 77 ലക്ഷം<br>2. അമ്പലപ്പറമ്പ് മുതൽ വലിയപാറ (കോതമംഗലം മുനിസിപ്പാലിറ്റി)-(1000m) -75 ലക്ഷം<br>3. രാമല്ലൂർ മുതൽ ഇലവുപറമ്പ് -(2000 m )- 182 ലക്ഷം<br>4. ജവഹർ ജംഗ്ഷൻ മുതൽ മതിരപ്പള്ളി - (2000 m)-178 ലക്ഷം . |

**സെക്ഷൻ ഓഫീസർ**